# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ് 2**

**2023 ഓഗസ്റ്റ് 14**

---

## പോസ്റ്റ് ഡോക്ടറൽ റിസർച്ച് അസോസിയേറ്റ്; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ ഇൻഡോ-ഫ്രാൻസ് സെൻറർ ഫോർ അഡ്വാൻസ്ഡ് റിസർച്ചിന്റെ ഫണ്ടിംഗോടെ നടത്തുന്ന പ്രോജക്ടിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ച് അസോസിയേറ്റിന്റെ ഒരു ഒഴിവിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 24 മാസത്തേക്കാണ് നിയമനം.

തിരഞ്ഞെടുക്കപ്പെടുന്നയാൾക്ക് പദ്ധതിയിൽ സഹകരിക്കുന്ന ഫ്രാൻസിലെ ജീൻ റൗക്സൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റീരിയൽസുമായി ചേർന്ന് പ്രവർത്തിക്കാൻ അവസരം ലഭിക്കും. ഒരു തവണ ഇൻസ്റ്റിറ്റ്യൂട്ടിൽ സന്ദർശനവും ഉൾപ്പെടുന്നതാണ് പാക്കേജ്.

ഫിസിക്കൽ സയൻസ്, കെമിക്കൽ എൻജിനീയറിംഗ്, ക്രിസ്റ്റൽ ഗ്രോത്ത്, കെമിസ്ട്രി, മെറ്റീരിയൽ സയൻസ്, നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി എന്നിവയിലോ അനുബന്ധ വിഷയങ്ങളിലോ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ പി.എച്ച്.ഡി നേടിയവർക്ക് അപേക്ഷിക്കാം. ഈ മേഖലയിൽ സമീപകാല ഗവേഷണ പരിചയമുള്ളവരെയും നിലവിൽ ഗവേഷണം നടത്തുന്നവരെയും അഞ്ചു വർഷ വ്യവസ്ഥയില്ലാതെ പരിഗണിക്കും.

അപേക്ഷകർ മികച്ച പ്രവൃത്തിപരിചയവും പ്രോജ്ക്ടിന്റെ വിഷയ മേഖലയിൽ ശ്രദ്ധേയമായ പശ്ചാത്തലവുമുള്ളവരായിരിക്കണം. യോഗ്യത സംബന്ധിച്ച മറ്റു വിശദാംശങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

ആദ്യ വർഷം 54520 രൂപയും രണ്ടാം വർഷം 56840 രൂപയും ശമ്പളം ലഭിക്കും. ബയോഡാറ്റയും യോഗ്യതാ രേഖകളുടെ8 വിശാദംശങ്ങളും ഉൾപ്പെടുന്ന അപേക്ഷ ഓഗസ്റ്റ് 20വരെ ഈ മെയിൽ ചെയ്യാം. ഇ-മെയിൽ വിലാസം:predeep@mgu.ac.in, ppredeep@gmail.com

(പി.ആർ.ഒ/39/987/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**